بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 30.01.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*30.01.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

തശഹ്ഹുദും തഅവ്വുദും തസ്മിയയും സൂറ ഫാതിഹയും ഓതിയതിനു ശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു: അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **ലാ യുകല്ലിഫുല്ലാഹു നഫ്സൻ ഇല്ലാ വുസ്അഹാ** അല്ലാഹു ഒരാൾക്കും അവന്റെ കഴിവിൽപ്പെട്ടതല്ലാതെ ഉത്തരവാദിത്തമേൽപിക്കുന്നില്ല.(2:287)

മനുഷ്യശക്തിക്കും അവന്റെ കഴിവുകൾക്കും പ്രാപ്തിക്കുമതീതമായിട്ടുള്ള ഒരു കല്പനയും അവന് കൊടുക്കുകയില്ലെന്ന് അല്ലാഹു ഇവിടെ വ്യക്തമാക്കിയിരിക്കുന്നു. അതുകൊണ്ട് അല്ലാഹുവിൽനിന്ന് മനുഷ്യശക്തിക്ക് അതീതമായിട്ടുള്ള ഒരു കല്പനയും ഉണ്ടാകുകയില്ലെന്ന് വരുമ്പോൾ പിന്നീട് അതിന്റെ പ്രവർത്തനത്തിന്റെ ഉത്തരവാദിത്തം മനുഷ്യനിൽ ഉണ്ടാകുന്നു. ഇന്ന കല്പന തന്റെ കഴിവിന്നതീതമാണെന്ന് ഒരു യഥാർഥ മുഅ്മിന് പറയാൻ പറ്റില്ല. അല്ലാഹുവിൽ വിശ്വാസമുണ്ടെങ്കിൽ, അവന്റെ എല്ലാ കല്പനകളും നമ്മുടെ കഴിവുകൾക്ക് വിധേയമായിട്ടുള്ളതാണെന്ന കാര്യത്തിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണ്. അവയനുസരിച്ച് നമുക്ക് നമ്മുടെ എല്ലാ കഴിവുകളോടുംകൂടി പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ മനോഹരമായ അധ്യാപനമാണ്. 'ഇതാണ് കല്പന. നിങ്ങൾ ഇതനുസരിച്ച് പ്രവർത്തിച്ച് അതിന്റെ ഏറ്റവും ഉന്നതമായ നിലവാരം തീർച്ചയായും കരസ്ഥമാക്കിക്കൊള്ളണം ഇല്ലെങ്കിൽ ഇതനുസരിച്ച് പ്രവർത്തിക്കാത്ത കാരണത്തിൽ നിങ്ങൾ ശിക്ഷയ്ക്കർഹരാകുകതന്നെചെയ്യും' എന്ന് അല്ലാഹു പറഞ്ഞില്ല. പ്രത്യുത എല്ലാ കല്പനകളും നിങ്ങളുടെ കഴിവുകൾക്കനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. നമ്മൾ മനുഷ്യ പ്രകൃതിയെ, മനുഷ്യന്റെ അവസ്ഥയെ പരിശോധിക്കുമ്പോൾ ഓരോ മനുഷ്യന്റേയും അവസ്ഥ വിഭിന്നങ്ങളാണെന്ന് മനസ്സിലാകുന്നു. അവന്റെ ബുദ്ധിപരമായ അവസ്ഥ, അവന്റെ ശാരീരികമായ നിർമിതി, അവന്റെ അറിവ് മനസ്സ് തുടങ്ങിയവയെല്ലാം വിഭിന്നങ്ങളാണ്.

അതുകൊണ്ട് അല്ലാഹു മനുഷ്യന്റെ ബലഹീനതകളും അവന്റെ അവസ്ഥയും അവന്റെ ആവശ്യങ്ങളും മുൻനിറുത്തി തന്റെ കല്പനകളിൽ ഇളവ് വെച്ചിരിക്കുന്നു. അതിന് ഏറ്റവും കുറഞ്ഞ നിലവാരവും ഏറ്റവും കൂടിയ നിലവാരവും നിശ്ചയിച്ചിരിക്കുന്നു. അത്തരം ഇളവുള്ളപ്പോൾ നിങ്ങൾ തന്റെ കല്പനകളനുസരിച്ച് സത്യസന്ധതയോടെ പ്രവർത്തിക്കുക എന്ന് അല്ലാഹു പറയുന്നു. ഇതാണ് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം. അത് മാനുഷികമായ പ്രകൃതി മുൻനിറുത്തി നല്കപ്പെട്ടതാണ്. അല്ലാഹു തന്റെ കല്പനകൾ, തന്റെ അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നതിന് മനുഷ്യനെ ഒരുക്കിയിരിക്കുന്നു. നീ തീർച്ചയായും ഇതനുസരിച്ച് പ്രവർത്തിക്കണമെന്ന് അവനോട് പറഞ്ഞിരിക്കുന്നു; എന്നാൽ, അതിന്റെ ഏറ്റവും ചെറിയ നിലവാരം വെച്ച്. അതനുസരിച്ച് പ്രവർത്തിക്കാതെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നവരുടെ ഒഴികഴിവൊന്നും ബാക്കിവെച്ചില്ല. പറഞ്ഞു: ഇതാണ് നിലവാരം. നിങ്ങളുടെ അവസ്ഥക്കനുസരിച്ച് എന്തായാലും നടക്കേണ്ടതുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതു സംബന്ധമായി ഒരിടത്ത് പറയുന്നു:

ഒരു മനുഷ്യനും ബുദ്ധിക്കു വിരുദ്ധമായ കാര്യങ്ങൾ വിശ്വസിക്കാൻ നിർബന്ധിക്കപ്പെടുക സാധ്യമല്ല. കഴിവുകളുടെ സഹനത്തെക്കാളും ഉത്സാഹത്തെക്കാളുമുപരി ഒരു തരത്തിലുള്ള ശരീഅത്തുപരമായ ബുദ്ധിമുട്ടുകളും എടുപ്പിച്ചിട്ടില്ല. **ലാ യുകല്ലിഫുല്ലാഹു നഫസൻ ഇല്ലാ വുസ്അഹാ** ഈ ആയത്തിൽ വ്യക്തമായും പറഞ്ഞിരിക്കുന്നത് ആർക്കും ചെയ്യാൻ സാധിക്കാത്ത വിധത്തിലുള്ളതല്ല അല്ലാഹുവിന്റെ കല്പനകൾ എന്നാണ്. അതുകൊണ്ട് അല്ലാഹു എല്ലാ ഓരോ മനുഷ്യരുടേയും കഴിവുകൾ, അവനു നല്കപ്പെട്ടിരിക്കുന്ന അവയവങ്ങളും ശക്തികളുംകണ്ട് അവന്റെ സഹനവും ശക്തിയുമനുസരിച്ച് തന്റെ കല്പനകൾ പാലിച്ച് പ്രവർത്തിക്കുമെന്ന് പ്രതീക്ഷിച്ചിരിക്കുന്നു. തന്റെ ഗാംഭീര്യം സ്ഥാപിക്കുന്നതിനുവേണ്ടി നമ്മളെ പോലെ കല്പനകൾ നല്കിയവനല്ല അല്ലാഹു. പ്രത്യുത അല്ലാഹുവിന്റെ കാരുണ്യം തന്റെ ദാസരുടെമേൽ നിരവധിയാണ്. ഓരോരുത്തരുടേയും കഴിവനുസരിച്ച് അവനിൽനിന്ന് കർമം പ്രതീക്ഷിക്കുകയും നിരവധി പ്രതിഫലം നല്കുകയും ചെയ്യുന്നു. തന്റെ ദാസരുടെ മേൽ ഇത്രമാത്രം ദയാലുവായ അല്ലാഹുവിന്റെ വാക്കുകൾ അനുസരിച്ച് മനുഷ്യൻ പ്രവർത്തിക്കേണ്ടതല്ലേ? തീർച്ചയായും ഒരു യഥാർഥ മുഅ്മിൻ അതിനുവേണ്ടി പരിശ്രമിക്കുന്നതാണ്., പരിശ്രമിക്കേണ്ടതുമാണ്.

പിന്നീട് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) **ലാ യുകല്ലിഫുല്ലാഹു നഫസൻ ഇല്ലാ വുസ്അഹാ** എന്ന ആയത്ത് വിശദീകരിച്ചുകൊണ്ട് പറയുന്നു: എല്ലാ ഓരോരുത്തരോടും അവരവരുടെ കഴിവുകൾക്കനുസരിച്ച് കാര്യങ്ങൾ ചെയ്യപ്പെടുന്നതാണ്. ശരീഅത്ത് മൃദുത്വവും സുഗമതയും നല്കുന്നു. അതുകൊണ്ട് അല്ലാഹു കഴിവുകളനുസരിച്ച് കർമം ചെയ്യണമെന്ന് പറഞ്ഞ് ഏറ്റവും ചെറുതും ഏറ്റവും വലുതുമായ പരിധി നിശ്ചയിച്ചിരിക്കുന്നു. ഓരോരുത്തർക്കും അവരവ

രുടെ മാനസികവും ജ്ഞാനപരവുമായ അവസ്ഥയ്ക്കനുസരിച്ച് മാനുഷികമായ ബുദ്ധിയുടേയും പ്രവർത്തനങ്ങളുടേയും പരിധി നിർണയപ്പെടുത്തി. ആർക്കാണോ കഴിവുള്ളത് അതനുസരിച്ച് അവന്റെ ഈമാൻ എന്തായാലും കരസ്ഥമാക്കേണ്ടതാണ്. അവൻ ഏറ്റവും ചെറിയ ബുദ്ധിക്കും നിലവാരം നിശ്ചയിക്കാതിരുന്നെങ്കിൽ എല്ലാവരും വിശ്വസിക്കുന്നതിന് ഒരുങ്ങുന്നവരാകുമായിരുന്നില്ല. തീർച്ചയായും വിശ്വസിക്കുക എന്നത് അപ്പോൾ അവർക്ക് നിർബന്ധമാകുമായിരുന്നില്ല. കഴിവുകളും ശക്തികളും കൂടുതലുള്ള ബുദ്ധിയുടെ ഉന്നത നിലവാരത്തിലുള്ളവർ മാത്രമേ അതിന് ഒരുങ്ങുന്നവരാകുമായിരുന്നുള്ളു. ആർക്കെങ്കിലും എന്തെങ്കിലും കാര്യം മനസ്സിലാകുന്നില്ലെങ്കിൽ അയാൾ അതനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപം ഉന്നയിക്കാൻ സാധ്യമല്ല. അതുകൊണ്ട് അല്ലാഹു ഏറ്റവും ചെറിയ ബുദ്ധിമുതൽ ഏറ്റവും വലിയ ബുദ്ധിവരെയുള്ളവർക്ക് വിവിധ പദവികളുടെ അടിസ്ഥാനത്തിൽ നിലവാരം വെച്ചിരിക്കുന്നു. ഒരാൾ വലിയ ബുദ്ധിമാനാണ്. ഒരാൾ ചെറിയ ബുദ്ധിമാനാണ്. ചിലരിൽ കൂടതൽ കഴിവുകളുണ്ട്. ചിലരിൽ കുറച്ചാണുള്ളത്. ഭൗതികകാര്യങ്ങളിലും നാം ഇത് കണ്ടുവരുന്നു. ഇതേ ബുദ്ധിപരമായ ചായ്വിനും അവസ്ഥയ്ക്കുമനുസരിച്ച് ഒരാൾ വലിയ ജോലി ചെയ്യുന്നതിന് പ്രാപ്തനായിരിക്കും. വളരെ മുന്നിൽ കടന്നുപോകുകയും ചെയ്യുന്നു. ഒരാൾ മധ്യമ നിലക്കാരനായിരിക്കും. ഒരാൾ ഏറ്റവും പിന്നിലുമായിരിക്കും. ഇതൊരു പ്രകൃതിപരമായ കാര്യമാണ്. അതായത് മനസ്സിന്റെ ചായ്വ് വിവിധ ജോലികൾ ചെയ്യുന്നതിലേക്കും അവയിൽ വിജയം കരസ്ഥമാക്കുന്നതിലേക്കും കൊണ്ടു പോകുന്നു. എന്തായാലും ഒരു മനുഷ്യനും തുല്യനാകുക സാധ്യമല്ല. അല്ലാഹു തുല്യനായിട്ട് സൃഷ്ടിച്ചിട്ടുമില്ല. അവസ്ഥകൾക്ക് അവനെ തുല്യമാക്കിവെക്കാനും കഴിയില്ല. മനുഷ്യരുടെ കഴിവുകളിൽ വ്യത്യാസമുണ്ടാകുന്നു. വിവിധ അവസരങ്ങളും നല്കപ്പെട്ടിരിക്കുന്നു. അപ്പോഴാണ് ചിലർ മുന്നിൽ കടന്നുപോകുന്നതും ചിലർ പിന്നിലാകുന്നതും. ജനങ്ങൾ എന്തുകൊണ്ട് വിശ്വസിക്കുന്നില്ലായെന്ന് അല്ലാഹു ചോദിക്കുന്നുണ്ട്. വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുണ്ട്. എന്തിനാണ് തങ്ങളുടെ പരലോകം മോശമാക്കുന്നത്. എന്നാൽ, എല്ലാ ഓരോരുത്തരും എന്തുകൊണ്ട് അബൂബക്കറിനേയും ഉമറിനേയും പോലുള്ളവരാകുന്നില്ല എന്ന ചോദ്യം വിശുദ്ധ ഖുർആനിൽ ഇല്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഒരാൾ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. ഇസ്ലാമിനെക്കുറിച്ച് ചോദിച്ചു. അവിടന്ന് പറഞ്ഞു: പകലും രാത്രിയുമായിട്ട് അഞ്ചുനേര നമസ്കാരം നിർബന്ധമാണ്. അയാൾ ചോദിച്ചു ഇതിനുപുറമേയും ഏതെങ്കിലും നമസ്കാരം നിർബന്ധമായിട്ടുണ്ടോ? അവിടന്ന് പറഞ്ഞു: ഇല്ല. നഫ്ൽ നമസ്കരിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ നമസ്കരിച്ചു കൊള്ളുക. എന്നിട്ട് നബി(സ)തിരുമേനി പറഞ്ഞു: ഒരു മാസം നോമ്പ് പിടിക്കേണ്ടത് നിർബന്ധമാണ്. ഇതിനുപുറമേയും ഏതെങ്കിലും നോമ്പ് നിർബന്ധമായിട്ടുണ്ടോ? അവിടന്ന് പറഞ്ഞു: ഇല്ല. നഫ്ൽ നോമ്പ് പിടിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ പിടിക്കാവുന്നതാണ്. ഇപ്രകാരം നബി(സ)തിരുമേനി സക്കാത്തിനെക്കുറിച്ചും പറഞ്ഞു. അപ്പോൾ അയാൾ ചോദിച്ചു: ഇതിനുപുറമേയും എനിക്കെന്തെങ്കിലും സക്കാത്തുണ്ടോ? അവിടന്ന് പറഞ്ഞു: ഇല്ല. പുണ്യത്തിനുവേണ്ടി ഐച്ഛിക ദാനധർമം കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ കൊടുക്കാവുന്നതാണ്. ഇക്കാര്യങ്ങൾ കേട്ട് 'അല്ലാഹുവാണെ! ഇതിനെക്കാൾ കൂടുതലോ ഇതിനെക്കാൾ കുറവോ താൻ ചെയ്യുകയില്ല' എന്ന് പറഞ്ഞ് അയാൾ മടങ്ങിപ്പോയി. നബി(സ)തിരുമേനി പറഞ്ഞു:'ഇയാൾ പറഞ്ഞത് സത്യമാണെങ്കിൽ അവൻ വിജയിയാണെന്ന് മനസ്സിലാക്കിക്കൊള്ളുക. അവിടന്ന് അയാളെ വിജയം വരിച്ചവൻ എന്നു പറഞ്ഞ് സ്വർഗത്തിന്റെ സുവാർത്ത അറിയിച്ചു.

അതുകൊണ്ട് ഇക്കാര്യത്തിൽനിന്ന് മനസ്സിലാകുന്നത് ഇസ്ലാം എല്ലാവരോടും ഹദ്റത്ത് ഉമറിന്റേയും ഹദ്റത്ത് അബൂബക്കിന്റേയും ഈമാനുണ്ടാക്കണമെന്ന് പറയുന്നില്ല. എല്ലാ ഓരോരുത്തർക്കും വിവിധ പദവികളുടേയും ശക്തികളുടേയും വിശ്വാസത്തിന്റേയും നിലവാരമാണുള്ളത്. നഫ്ലുകൾക്ക് പ്രതിഫലമുണ്ടെന്ന് പറയപ്പെട്ടു. എന്നല്ല നഫ്ലുകൾ ഫർളുകളിൽ വന്നിട്ടുള്ള കുറവുകൾ പരിഹരിക്കുമെന്നും പറഞ്ഞു. ഈമാനും യഖീനും വർധിപ്പിക്കുമെന്നും പറഞ്ഞു. എന്നാൽ, എല്ലാ ഓരോരുത്തരും എന്തവസ്ഥയാണെങ്കിലും നഫ്ൽ നിർബന്ധമായും അനുഷ്ഠിക്കണമെന്ന കല്പന നല്കിയിട്ടില്ല.

ഇവിടെ ഇക്കാര്യവും വ്യക്തമായിരിക്കേണ്ടതാണ്, അല്ലാഹുവിന്റെ ദൃഷ്ടി നമ്മുടെ മനസ്സിന്റെ പാതാളംവരെ ചെന്നെത്തുന്നു. ഏതെങ്കിലും തരത്തിലുള്ള ഒഴികഴിവ്, അറിവുകുറവ്, ബുദ്ധിക്കുറവ്, അല്ലെങ്കിൽ കഴിവുകളുടെ കുറവ് അല്ലാഹുവിന്റെ സന്നിധിയിൽ വിലപ്പോകുകയില്ല. അതിനാൽ ഇക്കാര്യം മുന്നിൽവെച്ചുകൊണ്ട് തങ്ങളുടെ കഴിവുകൾ പരിശോധിച്ച് തങ്ങളുടെ ഈമാനേയും കർമത്തേയും ഉരച്ചുനോക്കേണ്ടതാണ്. കുറച്ചു നിലവാരമുണ്ട്. അതുമതി. നമുക്ക് വിടുതൽ കിട്ടി എന്നതല്ല. അല്ലാഹുവിന്റെ കല്പനയനുസരിച്ച് നിർബന്ധ നമസ്കാരങ്ങളും അനുഷ്ഠിക്കാത്ത ഒരുപാടാളുകൾ നമ്മളിലുണ്ട്. പുരുഷന്മാർക്ക് ജമാഅത്തായിട്ടുള്ള നമസ്കാരം നിർബന്ധമാണ്. അതുകൊണ്ട് അല്ലാഹുവിനെ വഞ്ചിക്കാൻ കഴിയുകയില്ല എന്ന കാര്യം എപ്പോഴും ഓർക്കേണ്ടതാണ്. എപ്രകാരം ഭൗതികലോകത്തിനുവേണ്ടി പരിശ്രമിക്കുന്നുവോ അതിനെക്കാളുപരി ദീനിന്റെ ജോലിക്കായി പരിശ്രമിക്കേണ്ടതാണ്. കഴിവുകൾ വർധിപ്പിക്കുന്നതിനും പരിശ്രമിക്കേണ്ടതാണ്. ഭൗതികമായ നിയമവ്യവസ്ഥയിൽ കഴിവിനെക്കാൾ കൂടുതൽ ഭാരം ആരിലെങ്കിലും ഇടാൻ സാധ്യതയുണ്ട്. എന്നാൽ, ദീനിന്റെ കാര്യങ്ങളിൽ ഇതില്ല. ഏറ്റവും കുറഞ്ഞ നിലവാരത്തിനു ശേഷം കഴിവിനെക്കാൾ കൂടുതൽ ഭാരം ആരിലെങ്കിലും ഇടുന്ന പ്രശ്നമേയില്ല. എന്നാൽ, ചില കാര്യങ്ങൾ മനസ്സിലാക്കുന്നതിനുവേണ്ടി ചില ആശ്രയങ്ങളുടെ ആവശ്യമുണ്ടാകാറുണ്ട്. ഭൗതികമായ കാര്യങ്ങളിൽ ഉണ്ടാകുന്നതുപോലെ. ആ ആശ്രയങ്ങളിലേക്ക് ബലഹീനരായ മുഅ്മിനീംകൾ മടങ്ങേണ്ടതാണ്; ബലഹീനനായ വിദ്യാർഥി തന്റെ അധ്യാപകനിൽനിന്ന് പാഠം മനസ്സിലാക്കുന്നതിനുവേണ്ടി ശ്രമിക്കുന്നതുപോലെ. ഉസ്താദിന്റെ പരിശ്രമംകൊണ്ട് അവന്റെ നിലവാരം മെച്ചപ്പെടുന്നു. പക്ഷേ, ഉസ്താദ് സഹായിക്കുന്നില്ലെങ്കിൽ തികച്ചും പിന്നിലായിപ്പോ

കുന്നു. പക്ഷേ, സഹായിക്കാത്ത ഉസ്താദിന്റെ പെരുമാറ്റം കൊണ്ട് ആ ഉസ്താദ് ശരിയായ നിലയിൽ തന്റെ നിർബന്ധ കടമകളും കടപ്പാടുകളും നിർവഹിക്കുന്നില്ല എന്ന കാര്യം വ്യക്തമാകുന്നു. എന്നല്ല തന്റെ ജോലിയിൽ വഞ്ചനകാണിക്കുന്ന ഉസ്താദുമാണ്. ഇവിടെ ഞാൻ ദീൻ പഠിപ്പിക്കുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ഉസ്താദുമാരോടും പറയാനാഗ്രഹിക്കുന്നു. അതായത് നമ്മുടെ മുറബ്ബിമാരോടും മുബല്ലിഗീംകളോടും,അറിവുള്ളവരോടും. അല്ലാഹു അവരുടെ കഴിവുകളെ വർധിപ്പിച്ചിരിക്കുകയാണ്. അവർ അവയെ ശരിയായ നിലയിൽ വിനിയോഗിക്കുകയും ചെയ്യുക. തങ്ങളുടെ കഴിവുകൾകൊണ്ട് ബലഹീനരായവരുടെ കഴിവുകൾ വൈജ്ഞാനികാടിസ്ഥാനത്തിൽ വർധിപ്പിക്കാൻ ശ്രമിക്കുക. കാരണം ഇത് നിങ്ങൾക്ക് അല്ലാഹു നല്കിയിട്ടുള്ള കഴിവുകൾക്കുള്ള നന്ദിയായിരിക്കും. അല്ലാഹുവിനോടു യഥാർഥമായനിലയിൽ നന്ദിയുണ്ടാകുന്നില്ലെങ്കിൽ മനുഷ്യൻ പാപിയായിത്തീരുന്നു. അതിനാൽ മുബല്ലിഗുമാരോടും മുറബ്ബിമാരോടും അല്ലാഹു പറഞ്ഞിരിക്കുന്നു, നിങ്ങളുടെ അറിവുകൊണ്ട് നിങ്ങളുടെ കഴിവുകൾ വർധിപ്പിക്കപ്പെട്ടിരിക്കുകയാണ്. അവയെ നിങ്ങളുടെ സഹോദരങ്ങളുടെ കഴിവുകൾ വർധിപ്പിക്കുന്നതിനുവേണ്ടി ഉപയോഗിക്കുക. **വൽതകുൻമ്മിൻകും ഉമ്മത്തുൻ യദ്ഊന ഇലൽ ഖയ്രി** ജനങ്ങളെ നന്മയിലേക്ക് മാത്രം ക്ഷണിക്കുന്നതിന് പ്രവർത്തിക്കുന്ന ഒരു സംഘം നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ് എന്ന് അല്ലാഹു പറഞ്ഞതുപോലെ. അവരുടെ ജോലി വെറും അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നതാണ്. അവരുടെ ജോലി ജമാഅത്തിന്റെ തർബിയ്യത്തിലേക്ക് പൂർണമായും ശ്രദ്ധിക്കുക എന്നതാണ്. ദീനീപരമായ വിദ്യാഭ്യാസം പ്രത്യേക അവസരങ്ങൾക്കും പ്രസംഗങ്ങൾക്കും സംവാദങ്ങൾക്കും കുറച്ചാളുകൾക്ക് തബ്ലീഗ് ചെയ്യുന്നതിനുംവേണ്ടി അവർ പഠിച്ചിട്ടില്ല. പ്രത്യുത തുടർച്ചയായി ഈ ജോലികളിൽ മുഴുകിയിരിക്കേണ്ടതാണ്. ഇത് അവരുടെ നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്.സ്വന്തക്കാരുടെ തർബിയ്യത്തും ചെയ്യണം. അവരുടെ ഈമാനിൽ വർധന ഉണ്ടാക്കുന്നതിനുള്ള മാർഗങ്ങളും പഠിപ്പിക്കേണ്ടതാണ്. ലോകത്തെ നന്മയിലേക്ക് ക്ഷണിക്കുന്നതിന് പുതിയ പുതിയ വഴികളും മാർഗങ്ങളും കണ്ടുപിടിക്കേണ്ടതാണ്. ചിലർ തങ്ങളുടെ ജോലിയിലേക്ക് ശ്രദ്ധിക്കുന്നതിനു പകരം തങ്ങളുടെ വീട്ടിലെ ഉത്തരവാദങ്ങളിലേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നവരായിക്കൊണ്ടിരിക്കുന്നു. ചിലർ തങ്ങളിൽ ആവശ്യത്തെക്കാളേറെ ശ്രദ്ധ ചെലുത്തുന്നവരാണ്. ആഴ്ചയിൽ മൂന്നു ദിവസം സ്റ്റോറുകളിൽ കയറിഇറങ്ങി നടക്കുന്നു.

ഇതുപോലെതന്നെയാണ് ഭാരവാഹികളും. ജമാഅത്തംഗങ്ങൾ അവരെ ഭാരവാഹിയാക്കുന്നത് തങ്ങൾ ഭാരവാഹിത്വം നല്കാനാഗ്രഹിക്കുന്നവർ അവരുടെ കഴിവുകളും അവരുടെ അറിവുകളും അവരുടെ ബുദ്ധിയും തങ്ങളെക്കാൾ മെച്ചപ്പെട്ടതാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്. ഈ ചിന്ത ഉണ്ടാവേണ്ടതാണ്. കാരണം ഇതുകൂടാതെ അവർ തങ്ങളുടെ അമാനത്തിന്റെ(വിശ്വസിച്ചേല്പിച്ച മുതലിന്റെ) കടമ നിറവേറ്റുകയില്ല. നിർബന്ധ കടമ നിറവേറ്റുന്നതിന്റെ ഈ ഏറ്റവും കുറഞ്ഞ നിലവാരം ഭാരവാഹികളെ തിരഞ്ഞെടുക്കുന്ന നേരത്ത് മുന്നിലുണ്ടെങ്കിൽ ഭാരവാഹിത്വത്തിനുവേണ്ടിമാത്രം തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഭാരവാഹിയും ഉണ്ടാകുകയില്ല. എന്തായാലും ഭാരവാഹികളുടേയും നിർബന്ധ കടമയാണ് ജമാഅത്തിന്റെ വൈജ്ഞാനികവും ദീനിപരവുമായ അഭിവൃദ്ധിയുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി പരിശ്രമിക്കുക എന്നത്; ഓരോരുത്തരുടേയും കഴിവുകൾ അവരവരുടേതായ നിലയിൽ വർധിച്ചുകൊണ്ടുപോകുന്നതിനുവേണ്ടി; ഓരോ വ്യക്തിയുടേയും.

തർബിയ്യത്തിന്റെ കാര്യമാണെങ്കിൽ സെക്രട്ടറി തർബിയ്യത്തിനോടും സദ്ർ സാഹിബിനോടുമൊപ്പം മറ്റു ആമില മെമ്പറന്മാരുടേയും നിർബന്ധ കടമയാണ് അവർ തങ്ങളുടെ മാതൃകാപരമായ ജീവിതത്തോടുകൂടി മറ്റുള്ളവരുടെ തർബിയ്യത്ത് കാര്യത്തിൽ ശ്രദ്ധിക്കുക എന്നത്. ഉദാഹരണത്തിന് ദീനിപരവും വൈജ്ഞാനികവും ആത്മീയവുമായ അഭിവൃദ്ധി ഉണ്ടാകുന്നതിന് ഖുത്ബകൾ കേൾക്കുക, ദർസ് കേൾക്കുക, ജമാഅത്തിന്റെ പരിപാടികളിൽ പങ്കെടുക്കുക. ഈ ഫങ്ക്ഷനുകളിൽ വരികയും പിന്നീട് ഖുത്ബകളിൽനിന്നും ജൽസകളിൽനിന്നും ഫലമെടുത്ത് സ്ഥിരമായി ജമാഅത്തംഗങ്ങളെ ഓർമിപ്പിച്ചുകൊണ്ടിരിക്കുക. ഈ ജോലിയാണ് ഭാരവാഹികളുടേത്. ഇത് മുറബ്ബിമാരുടെ നിർബന്ധ കടമയാണെന്നപോലെ ഭാരവാഹികളുടേയും ജോലിയാണ്. ആമിലായിലെ എല്ലാ അംഗങ്ങളുടേയും നിർബന്ധ കടമയാണ്.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ചില മുറബ്ബിമാർ വളരെ ഉന്നതമായ നിലയിൽ ഈ പ്രവർത്തികൾ ചെയ്തു വരുന്നുണ്ട്. എന്റെ ഖുത്ബയുടെ നോട്ട്സും അവർ തയ്യാറാക്കുന്നു. പിന്നീട് തങ്ങളുടെദർസുകളിലും തങ്ങളുടെ മജ്ലിസുകളിലും ആഴ്ചമുഴുവൻ ഏതെങ്കിലും കാര്യമെടുത്തുകൊണ്ട് ഉപദേശിക്കുന്നു. ജമാഅത്തംഗങ്ങളിലും ഇത് സൽഫലമുളവാക്കുന്നു. എന്നാൽ, തങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി ദർസിൽ കേൾപ്പിച്ചു, അല്ലെങ്കിൽ ആളുകൾ ഖലീഫത്തുൽ മസീഹിന്റെ ഖുത്ബ കേൾക്കുന്നുണ്ട് അതിനാൽ വീണ്ടും വീണ്ടും വ്യക്തിപരമായ നിലയിലും വിവിധ മജ്ലിസുകളിലും ഇക്കാര്യങ്ങൾ ആവർത്തിക്കേണ്ട ആവശ്യമില്ല അല്ലെങ്കിൽ ഓർമിപ്പിക്കേണ്ട കാര്യമില്ല എന്ന് പറഞ്ഞ് ഭാരവാഹികളും ഉത്തരവാദപ്പെട്ടവരും മറ്റുള്ളവരും ഇരിക്കുകയാണെങ്കിൽ ആ പ്രവണത തെറ്റാണ്. ഖലീഫത്തുൽ മസീഹിന്റെ ഉപദേശംതന്നെ ഫലിക്കുന്നില്ല പിന്നെ തങ്ങളുടെ ഉപദേശത്തിന് എന്തു ഫലമുണ്ടാകാനാണെന്ന ഉദ്ദേശ്യത്തോടെ ഉപദേശിക്കാതിരുന്നാലും അത് തെറ്റാണ്. ഓർമിപ്പിക്കേണ്ടത് ഏതവസ്ഥയിലും നിർബന്ധമാണ്. ചിലയാളുകൾക്ക് ചിലകാര്യങ്ങൾ ഒട്ടുംതന്നെ മനസ്സാലുകുകയില്ലെന്നതാണ് ഒന്നാമത്തെ കാര്യം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളിലെ വാക്കുകൾ ലളിതമായ രീതിയിൽ അവതരിപ്പിക്കാൻ ഞാൻ പരിശ്രമിക്കാറുണ്ട്. പക്ഷേ, എന്നിട്ടും ഞാൻ പരിശോധിച്ചുനോക്കിയപ്പോൾ ചിലർ പറയുന്നു, തങ്ങൾക്ക് മനസ്സിലായിട്ടില്ലെന്ന്. അല്ലെങ്കിൽ അവർ മനസ്സിലാക്കിയത് ശരിയല്ലായിരുന്നു. അതിനാൽ സന്ദർഭോചിതം ലളിതമായ രീതിയിൽ, സുഗമമായ നിലയിൽ മജ്ലിസുകളിൽ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരുന്നാൽ കഴിവുകൾ കുറഞ്ഞവർക്കും മനസ്സിലാകുന്നതാണ്.

പറഞ്ഞു: ഖുത്ബയിൽ ശ്രദ്ധ നിലനിറുത്തേണ്ടതാണ്.

ഖുത്ബ നടക്കുമ്പോഴും ഞാൻ കണ്ടിട്ടുണ്ട് മറ്റുള്ളവർക്കും അനുഭവപ്പെട്ടിട്ടുണ്ടാകും ചിലപ്പോൾ മയക്കമുണ്ടാകുന്നു. ശരിക്കും കേൾക്കാൻ കഴിയാത്തവരായും ചിലയാളുകളുണ്ട്. ഉദ്ദേശ്യം അവർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ചിലർ തങ്ങളുടേതായ ചിന്തകളിൽ മുഴുകിയിരിക്കുന്നവരായിരിക്കും. ഇത്തരം വിവിധതരക്കാരായ ആളുകളാണുള്ളത്. അവർ ഖുത്ബ കേട്ടു, പ്രസംഗം കേട്ടു എന്ന് ധരിക്കുന്നതുകൊണ്ട് മാത്രം അവരിൽ എന്ത് ഫലമുണ്ടാകാനാണ്. അവരെ ഓർ മിപ്പിച്ചു കൊണ്ടിരിക്കേണ്ടതും ശ്രദ്ധിക്കേണ്ടതും അത്യാവശ്യമാണ്. അത് ഖുത്ബയക്കുശേഷം തുടരെ നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ജൽസ നടക്കുമ്പോൾ ആളുകൾ മുദ്രാവാക്യം വിളിക്കുന്നത് ചുറ്റുപാടും ഇരിക്കുന്നവർ ഉറങ്ങുന്നത് കണ്ടിട്ടുമാകാം. അല്ലെങ്കിൽ സ്വന്തം ഉറക്കം ഇല്ലാതാക്കാൻ ആഗ്രഹിച്ചുകൊണ്ടുമാകാം. എന്തായാലും പ്രസംഗം കേൾക്കുക, ഖുത്ബ കേൾക്കുക, ശ്രദ്ധിച്ചു കേൾക്കുക, അത് ഗ്രഹിക്കുക, അതനുസരിച്ച് പ്രവർത്തിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ഓരോരുത്തരുടേയും കഴിവുകളുമായി ബന്ധപ്പെട്ടതാണ്. ഓർമപ്പെടുത്തലുകൾ ഉണ്ടായിക്കൊണ്ടിരുന്നാൽ കഴിവുകൾ മെച്ചപ്പെട്ടുകൊണ്ടേയിരിക്കും.

എല്ലാ മുഅ്മിനീംകൾക്കും അല്ലാഹു നിശ്ചയിച്ചിട്ടുള്ള കാര്യമാണ് അവർ തങ്ങളോടൊപ്പം മറ്റുള്ളവരേയും മുന്നോട്ടുകൊണ്ടുപോകാൻ പരിശ്രമിക്കുക എന്നത്. ഇത് വെറും മുറബ്ബിമാരുടേയും ഭാരവാഹികളുടേയും ജോലിയല്ല. മസ്ജിദിന്റെ അടുത്തടുത്ത് താമസിക്കുന്നവരെ നമസ്കാരത്തിന്നായി കൊണ്ടു വരുന്നതിനുവേണ്ടി ശ്രമിക്കുക. ഇത് യഥാർഥമായ സാഹോദര്യബന്ധവും സ്നേഹവും കൂടിയാണ്. പരസ്പരം ശ്രദ്ധിക്കുക. നിർബന്ധ കാര്യങ്ങളെ കുറിച്ച് അവരോട് പറഞ്ഞുകൊണ്ടിരിക്കുക. മുഅ്മിൻ മുന്നോട്ടു ഗമിക്കുമ്പോൾ തന്റെ സഹോദരങ്ങളേയും 'വരൂ ഇത് കരസ്ഥമാക്കൂ'എന്നു പറയേണ്ടതും അല്ലാഹു മുഅ്മിനീംകളുടെ നിർബന്ധ കടമയാക്കിയിരിക്കുന്നു. ബലഹീനരായിട്ടുള്ളവരെ പിടിച്ച് വലിച്ച് മുന്നിൽ കൊണ്ടുവരിക. ഈ ജോലി അവരെത്തന്നെയും അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരാക്കുന്നതാണ്. നബി(സ)തിരുമേനി പറഞ്ഞു: നന്മയിലേക്ക് നയിക്കുന്നവൻ നന്മ ചെയ്തവനെപ്പോലുള്ള പ്രതിഫലത്തിന് അർഹനാകുന്നതാണ്. അതുകൊണ്ട് ജമാഅത്തായിട്ട് നമസ്കരിക്കുന്നവർ 27 ഇരട്ടി പ്രതിഫലത്തിന് അർഹരാകുമ്പോൾ അവർ തങ്ങളോടൊപ്പം എത്രയാളുകളെയാണോ കൊണ്ടുവന്നത് അവരുടേയും പ്രതിഫലം സമ്പാദിക്കുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് ഒരു വ്യക്തി മൂന്നു ആളുകളെ ജമാഅത്തായിട്ടുള്ള നമസ്കാരത്തിന് തന്നോടൊപ്പം കൊണ്ടു വരുന്നു. അപ്പോൾ നമസ്കാരത്തിന് അയാളുടെ പ്രതിഫലം ഇരുപത്തേഴ് ഇരട്ടിക്കുപകരം 108 ഇരട്ടി ആയിത്തീരുന്നതാണ്. അല്ലാഹുതന്റെ ദാസരെ അനുഗ്രഹിക്കുന്ന രീതിയും ഏതേതെല്ലാം വിധത്തിലാണെന്ന് നോക്കുക. അതുകൊണ്ട് സ്വയം ദീനിന്റെ കാര്യത്തിൽ ഉത്സാഹിയായിട്ടുള്ളവർ മറ്റുള്ളവരേയും ഉത്സാഹികളാക്കാൻ ശ്രമിക്കേണ്ടതാണ്. എല്ലാ ഓരോരുത്തരും ഈ ചിന്താഗതിയോടുകൂടി പ്രവർത്തിക്കുകയാണെങ്കിൽ നമ്മൾ മറ്റുള്ളവരുടെ കഴിവുകൾ വർധിപ്പിക്കുന്നതിൽ ഭാഗഭാക്കാകുമെന്ന് മാത്രമല്ല നമ്മുടെ തന്നെയും കഴിവുകളും 'ഞാൻ ഒരിടത്ത് തങ്ങിനില്ക്കാൻ പാടില്ല, അഭിവൃദ്ധിപ്പെടണം' എന്ന ചിന്താഗതിയോടെ വർധിപ്പിക്കുന്നവരായിരിക്കും. പിന്നീട് മറ്റുള്ളവർക്ക് നന്മകൾ ചെയ്യാനുള്ള അവസരങ്ങൾ സംഘടിപ്പിച്ചുകൊടുത്ത് അല്ലാഹുവിന്റെ പല ഇരട്ടി അനുഗ്രഹങ്ങൾക്കും അർഹരായിത്തീരുന്നതാണ്. ഈ ചിന്താഗതി ജമാഅത്തിന്റെ പൊതുവെയുള്ള അഭിവൃദ്ധിയിലും ഒരു മാറ്റം ഉണ്ടാക്കുന്നതായിരിക്കും. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ കഴിവുകളെ വർധിപ്പിച്ചുകൊണ്ടു പോകുന്നവരും അവന്റെ അനുഗ്രഹങ്ങളെ ആകർഷിച്ചെടുക്കുന്നവരും ആയിത്തീരാൻ തൗഫീഖ് നല്കുമാറാകട്ടെ.

സയ്യിദുനാ ഹുദൂർ അയ്യദഹുല്ലാഹ് നമസ്കാരങ്ങൾക്കുശേഷം രണ്ട് ജനാസ ഗായിബ് നമസ്കരിപ്പിച്ചു. ഒന്ന് ശാമിലെ ജനാൻ അലാനീ സാഹിബയുടേതായിരുന്നു. ഇപ്പോൾ അവർ തുർക്കിയിലായിരുന്നു. 2015 ജനുവരി 23-ന് 57-ാം വയസ്സിൽ വഫാത്തായി. **ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ**

രണ്ടാമത്തെ ജനാസ മെക്സിക്കോയിലെ ഹബീബ സാഹിബയുടേതായിരുന്നു. അവർ 2015 ജനുവരി 19-ന് വഫാത്തായി. അവർക്ക് 100 വയസ്സിലേറെ പ്രായമുണ്ടായിരുന്നു. **ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ** 2014 ജൂണിലായിരുന്നു അവർ അഹ്മദിയ്യത്ത് സ്വീകരിച്ചത്. അല്ലാഹു അവരുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കളെ എപ്പോഴും അഹ്മദിയ്യാ ജമാഅത്തുമായി ചേർത്തു നിറുത്തുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 30.01.15
Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala